QP CODE: 19101113

19101113

Reg No : ....................

Name : ....................

# B.Com. DEGREE (CBCS) EXAMINATION, DECEMBER 2018

**First Semester**

For B.Com Model I programmes)

**Common Course II - ML1CCT05 - MALAYALAM-KATHAYUM KAVITHAYUM**

2017 Admission (Reappearance)

071F96BE

**Maximum Marks: 80** **Time: 3 Hours**

## പാർട്ട് എ

അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **പത്തു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ഓരോ ചോദ്യത്തിനും **2** മാർക്ക് വീതം.

1. 'ഹൃദയത്തിൽ ഒരു സൂചികുത്തിയതുപോലെ തോന്നിയപ്പോൾ അയാൾ എഴുന്നേറ്റു' - സന്ദർഭം വിശദമാക്കുക.
2. 'ഹേ സ്വാമിയാരേ...കാവിയുമുടുത്ത് മോക്ഷം തേടി നടക്കുന്ന നിങ്ങൾക്ക് എന്റെ പേരറിഞ്ഞിട്ട് എന്തു കിട്ടാനാണ്? നിങ്ങൾ നിങ്ങളുടെ പാട്ടിനുപോകൂ' പ്രസ്തുതം വ്യക്തമാക്കുക.
3. കോകിലയുടെ ഭർത്താവിന് 'കഷണ്ടിക്കാരൻ' എന്ന പേര് കഥാകാരൻ നൽകിയിരിക്കുന്നതിലെ ഔചിത്യം പരിശോധിക്കുക.
4. ഊരുതെണ്ടികളായ കരുണനും കുമാരനും രാത്രി തങ്ങിയ തണ്ണീർപ്പന്തലിനെ കഥാകൃത്ത് അവതരിപ്പിക്കുന്നതെങ്ങനെ?
5. മൈനാകശൃംഗത്തിലെ പുരാവൃത്തത്തിന്റെ സ്വഭാവം വ്യക്തമാക്കുക.
6. കറുത്തഹാസ്യത്തിൽ പൊതിഞ്ഞ കവിത എന്ന് കടുക്കയെ വിശേഷിപ്പിക്കാമോ?
7. ഉദിച്ചുനിന്ന ചന്ദ്രനും  
   മരക്കൊമ്പിലിരുന്നു  
   തനിയെ മൂളുന്ന കൂമനും  
   ആ വരവുകണ്ടു - ആരുടെ വരവാണ് കണ്ടത്? എങ്ങനെയാണ് വന്നത്?
8. വേലിക്കൽ പണ്ടവൾ നട്ടൊരു ചെമ്പക-  
   ച്ചോട്ടോളമപ്പോളിരുട്ടുവന്നു - ആശയം വിശദമാക്കുക.
9. എത്ര മൃദുലമായിരുന്നെന്നോ അവയുടെ പഴയകാലം - എന്തിനെക്കുറിച്ചാണ് പരാമർശം? വിശദമാക്കുക.
10. ആധുനിക കവിതകളുടെ സവിശേഷതകൾ എന്തെല്ലാം?
11. സ്ത്രീവാദം - കുറിപ്പെഴുതുക
12. ഉറൂബിന്റെ പ്രധാന രചനകൾ പരിചയപ്പെടുത്തുക.

(10×2=20)

## പാർട്ട് ബി

ഒന്നര പുറത്തിൽ കവിയാതെ **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ഓരോ ചോദ്യത്തിനും **5** മാർക്ക് വീതം.

13. ദൽഹി എന്ന കഥ 1981 കളിലെ ദൽഹിയുടെ ചിത്രമാണോ വരച്ചുകാട്ടുന്നതെന്ന് പരിശോധിക്കുക.
14. കടിക്കുന്ന അമ്മച്ചി, കൊച്ചുമകൾ ആൻസി എന്നീ കഥാപാത്രങ്ങളെ താരതമ്യം ചെയ്യുക.

15. കമലയുടെ നിഷ്കളങ്കതയും കുട്ടിത്തവും തോമസ് വള്ളോക്കാരൻ എന്ന കറുത്തകാലത്തിനു മുൻപിൽ തകർന്നടിയുന്നതിന്റെ ദുരന്തമാണ് തല്പം - വിലയിരുത്തുക.

16. 'മൃതമായ മരണത്തിന്റെ മണം തിരിച്ചറിയാനാണ് പ്രയാസം. എല്ലാറ്റിനുമടിയിൽ അടിഞ്ഞുകിടക്കുകയാണത്.' - സന്ദർഭവും ആശയവും വിശദമാക്കുക.

17. ചങ്ങമ്പുഴയുടെ പാടുന്നപിശാച് എന്ന കവിതയെ ഡി.വിനയചന്ദ്രന്റെ പാടുന്നപിശാചിന് എന്ന കവിത അനുസ്മരിപ്പിക്കുന്നതെങ്ങനെ - വിശദമാക്കുക.

18. നായകടിക്കും സൂക്ഷിക്കുക എന്ന കവിതയുടെ പ്രമേയപരിസരം ചർച്ചചെയ്യുക.

19. കായലോരജീവിതത്തിന്റെ ഇനിപ്പും ചവർപ്പും ആവിഷ്കരിക്കുന്ന കവിതയാണ് ഇഷ്ടമുടിക്കായൽ - വിലയിരുത്തുക.

20. 'ചേക്ക' എന്ന തലക്കെട്ട് ആ കഥയ്ക്ക് എത്രമാത്രം ഉചിതമാണെന്ന് പരിശോധിക്കുക.

21. 'കറുത്തഹാസ്യത്തിന്റെ കവി' എന്ന വിശേഷണം അയ്യപ്പപ്പണിക്കർക്ക് എത്രമാത്രം ഉചിതമാണെന്ന് കടുക്ക എന്ന കവിതയെ മുൻനിർത്തി പരിശോധിക്കുക.

(6×5=30)

## പാർട്ട് സി

നാലു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

ഓരോ ചോദ്യത്തിനും **15** മാർക്ക് വീതം.

22. 'പുരുഷപക്ഷവായനയുടെയും സ്ത്രീപക്ഷവായനയുടെയും സാധ്യതകൾ ചേക്ക എന്ന കഥയിൽ പ്രകടമാണ് ' - അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

23. സ്ത്രീ - പ്രകൃതി - പ്രണയം എന്നിവ 'വേനലിൽ ഒരു പുഴ' എന്ന കവിതയിൽ ആവിഷ്കൃതമാകുന്നതെങ്ങനെയെന്ന് പരിശോധിക്കുക.

24. സ്ത്രീ-പ്രകൃതി-ദളിത് സ്വത്വങ്ങൾക്ക് ഉത്തരാധുനിക കവിതയിലുള്ള പ്രസക്തി പരിശോധിക്കുക.

25. ദൽഹി 1981, കടുക്ക എന്നീ രചനകൾ മുന്നോട്ടുവയ്ക്കുന്ന രാഷ്ട്രീയ - സാമൂഹിക പശ്ചാത്തലം വിലയിരുത്തുക.

(2×15=30)